# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജനവരി 13

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

2020 ഡിസംബർ 10ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ എം.എച്ച്.എ. (2011 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി 15ന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/48/2021)

## പരീക്ഷ തീയതി

ആറാം സെമസ്റ്റർ ബി.ആർക് (2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 10ന് ആരംഭിക്കും.

നാലാം സെമസ്റ്റർ ബി.ആർക് (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 11ന് ആരംഭിക്കും.

ഒന്നും രണ്ടും സെമസ്റ്റർ ബി.ആർക് (2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 12 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനവരി 27 വരെയും 525 രൂപ പിഴയോടെ ജനവരി 28 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനവരി 29 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/49/2021)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.കോം. പ്രൈവറ്റ് (റഗുലർ/സപ്ലിമെന്ററി മേഴ്സി ചാൻസ് ഉൾപ്പെടെ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 28 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/50/2021)

## അന്തിമ വോട്ടർ പട്ടിക

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ സർവകലാശാല അനധ്യാപക ജീവനക്കാരുടെ മണ്ഡലത്തിലെ തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർ പട്ടിക സർവകലാശാല ഓഫീസിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/51/2021)

## ഐ.ടി. സെൽ ഡയറക്ടർ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ ഐ.ടി. സെൽ ഡയറക്ടറെ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണുള്ളത്. ഒരു വർഷമാണ് കാലാവധി. യോഗ്യത,

അപേക്ഷിക്കേണ്ട രീതി മുതലായ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. വിശദവിവരത്തിന് ഫോൺ: 0481-2733303. ഇതേ തസ്തികയിലേക്ക് മുമ്പ് അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

(പി.ആർ.ഒ/39/52/2021)

## 'നവകേരളം യുവകേരളം' - മീറ്റ് ദി സ്റ്റുഡൻസ്
## എം.ജി. സർവകലാശാലയിൽ മുഖ്യമന്ത്രി
## വിദ്യാർഥികളുമായി സംവദിക്കുന്നു

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മഹാത്മാഗാന്ധി സർവകലാശാലയിലെത്തി ബിരുദ-ബിരുദാനന്തര ഗവേഷണ വിദ്യാർഥികളുമായി സംവാദിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി വ്യക്തമായ ആശയവും കാഴ്ചപ്പാടുമുള്ള വിദ്യാർഥികൾക്കും കലാ-കായിക രംഗത്ത് മികവ് തെളിയിച്ച തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്കും മുഖ്യമന്ത്രിയോട് സംസാരിക്കാൻ അവസരം നൽകുന്നു. 'നവകേരളം യുവകേരളം' - മീറ്റ് ദി സ്റ്റുഡൻസ് എന്ന പരിപാടിയുടെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഫെബ്രുവരി 8-ാം തീയതി മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെത്തി വിദ്യാർഥികളെ അഭിസംബോധന ചെയ്യുന്നു. മഹാത്മാഗാന്ധി സർവകലാശാലയിലെയും സർവകലാശാലയിലെ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലേയും കാലടി ശ്രീശങ്കര സംസ്കൃത സർവകലാശാലയിലേയും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്കായിരിക്കും മുഖ്യമന്ത്രിയുമായി നേരിട്ട് സംവദിക്കാൻ അവസരം ലഭിക്കുക. കൂടാതെ രണ്ട് സർവകലാശാല കാമ്പസിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും യൂണിവേഴ്സിറ്റി സെന്ററുകളിലേയും മുഴുവൻ വിദ്യാർഥികളും അധ്യാപകരും ഓൺലൈനായി ഈ പരിപാടിയിൽ പങ്കെടുക്കുന്നു. വിദ്യാർഥികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും ഉൾക്കൊണ്ടുകൊണ്ട് ലോകനിലവാരത്തിനടുത്തുനിൽക്കുന്ന വിദ്യാഭ്യാസ രീതിയിൽ നവകേരളം സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള പാഠ്യപദ്ധതിയുടെ സാധ്യതകളാണ് 'നവകേരളം - യുവകേരളം' മുന്നോട്ടുവയ്ക്കുന്നത്.

വിദ്യാർഥികളുടെ നൂതന ആശയങ്ങൾ കണ്ടുപിടുത്തങ്ങളായിമാറ്റുക, മൾട്ടിഡിസിപ്ലിനറി വിദ്യാഭ്യാസം എന്ന സങ്കല്പം പ്രാവർത്തികമാകുന്നതിനുതകുന്നതരത്തിൽ ഉന്നതവിദ്യാഭ്യാസരംഗം മാറ്റുക, കണ്ടുപിടുത്തങ്ങളും നൂതന ആശയങ്ങളും സമൂഹത്തിനുതകുന്നതരത്തിൽ സ്റ്റാർട്ടപ്പുകൾപോലുള്ള വ്യാവസായികസംരംഭത്തിലേക്ക് നയിക്കുക, മാനവവിഭവശേഷി പരിശീലനത്തിന് മുൻതൂക്കം നൽകി ഉയർന്ന തൊഴിൽ സാധ്യതകളും സുരക്ഷിതമായ ഭാവിയും ഉറപ്പുനൽകുന്ന രീതിയിൽ ബിരുദ-ബിരുദാനന്തര ഗവേഷണപദ്ധതികൾ സാധ്യമാക്കുക, കൂടാതെ സമത്വം, ലഭ്യത, ഉൾക്കൊള്ളൽ എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കി ഉന്നതവിദ്യാഭ്യാസരംഗത്ത് ആരോഗ്യപരമായ മാറ്റങ്ങൾ വിഭാവനം ചെയ്യുക എന്നിവയും ഈ പരിപാടി ലക്ഷ്യം വയ്ക്കുന്നു. പരിപാടിയുടെ നടത്തിപ്പിനായി വൈസ് ചാൻസലർ ഡോ. സാബു തോമസ് ചെയർമാനായും സിൻഡിക്കേറ്റ് മെമ്പർ അഡ്വ. പി. ഷാനവാസ് ജനറൽ കൺവീനറായും പ്രോ വൈസ് ചാൻസലർ ഡോ. അരവിന്ദകുമാർ (കോർഡിനേഷൻ), പ്രൊഫ. ഹരികൃഷ്ണൻ പി. (പ്രോഗ്രാം), ഡോ. ബി. കേരളവർമ്മ (അക്കാദമിക് സ്ക്രീനിംഗ്), ഡോ. നന്ദകുമാർ കളരിക്കൽ (ഫുഡ് & ഹോസ്പിറ്റാലിറ്റി), ഡോ. എ. ജോസ് (ഫിനാൻസ്), ഡോ. ബിജു തോമസ് (സ്റ്റേജ് & ഹാൾ), ഡോ. വർഗീസ് കെ. ചെറിയാൻ (പബ്ലിസിറ്റി), ഡോ. കെ.എം. സുധാകരൻ (ടെക്നിക്കൽ), ഡോ. ഷാജില ബീവി (റിസപ്ഷൻ) എന്നിവർ ഉപസമിതി കൺവീനർമാരായും സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. എം. അനിൽകുമാർ, ഡോ. എസ്. സുജാത, ഡോ. ബിജു പുഷ്പൻ, ഡോ. മാത്യു ജോർജ്, ദയാ സാബു, രജിസ്ട്രാർ ഡോ. ബി പ്രകാശ് കുമാർ എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റിയായും ഉള്ള ഒരു സമിതി രൂപീകരിച്ചു.

(പി.ആർ.ഒ/39/53/2021)

**സുജ തോമസ് പി.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)